പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.6977.

11.7.2014 - ൽ

മറുപടിയ്ക്ക്

## സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി.

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ.പി.എ.മാധവൻ

ശ്രീ.റ്റി.എൻ.പ്രതാപൻ

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ ഏജൻസി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എ) ഉണ്ട്. കേരള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (KSAAC) സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനത്തെ ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായാണ് ഇത് സ്ഥാപിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സഹായകമായ ചട്ടക്കൂടിന് രൂപം നൽകുക, സ്വയം മൂല്യനിർണ്ണയം, സ്വയംഭരണം എന്നിവ പ്രോത്സാഹിപ്പിക്കുക,ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗവേഷണവും നവീന ആശയങ്ങളും പ്രയോജനപ്പെടുത്തുന്നതിന് സർവകലാശാലകൾക്കും കോളേജുകൾക്കും പ്രചോദനം നൽകുക, ഉന്നത വിദ്യഭ്യാസത്തിന്റെ ഗുണഭോക്താക്കളെയും ബന്ധപ്പെട്ടവരേയും ഗുണമേന്മ നിർണ്ണയത്തിൽ പങ്കാളികളാക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമികമായ ലക്ഷ്യങ്ങൾ ബോധ്യപ്പെടുത്തുക, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വിദ്യഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ മത്സരം പ്രോത്സാഹിപ്പിക്കുക, അദ്ധ്യാപകരുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവയാണ് സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

(സി) യും (ഡി) യും ഒരു സ്വതന്ത്ര ഏജൻസി ആയി കേരള സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (KSAAC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ